# ഇസ്‌ലാം വികൃതമാക്കപ്പെടുന്നു

**ഗ്രന്ഥകർത്താവ്:** **കെ.പി. മുഹമ്മദ് ബിൻ അഹ്മദ്** ﷺ
**അവലംബ ഗ്രന്ഥം:** സൂഫിസം

മനുഷ്യശരീരത്തിൽ കൈകാലുകൾ, കണ്ണ്, ചെവി, മൂക്ക്, ഹൃദയം, ആമാശയം, മസ്തിഷ്കം... എന്നിങ്ങനെ ചെറുതും വലുതും സൂക്ഷ്മവും സ്ഥൂലവുമായി വളരെയേറെ അവയവങ്ങൾ സ്ഥിതിചെയ്യുന്നു. അവ ഓരോന്നും പ്രത്യേക സ്വഭാവത്തിലും ആകൃതിയിലും വലുപ്പത്തിലും സ്ഥാനങ്ങളിലും നിലകൊള്ളുകയും പ്രത്യേക ധർമ്മങ്ങൾ നിർവ്വഹിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. സൃഷ്ടിപ്പിൽ സംവിധാനം ചെയ്യപ്പെടുന്നവിധം യഥാസ്ഥാനങ്ങളിൽ യഥാക്രമം അവ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ മനുഷ്യൻ പൂർണ്ണനും ആരോഗ്യവാനും സുന്ദരനും കർമ്മയോഗ്യനുമൊക്കെ ആയിത്തീരുന്നു. എന്നാൽ ഇതിലേതിലെങ്കിലും എന്തെങ്കിലും തകരാറു സംഭവിക്കുകയോ, മാറ്റമുണ്ടാകുകയോ ആണെങ്കിൽ അപ്പോൾ അവൻ അപൂർണ്ണനും രോഗിയും വിരൂപിയും അയോഗ്യനുമൊക്കെയായും തീരുന്നു.

ഇത്, മനുഷ്യനിലെന്നപോലെ സമസ്ത ജീവജാലങ്ങളിലും ചരാചരങ്ങളിലും കാണാൻ കഴിയുന്ന സ്ഥിതിവിശേഷമാണ്. അതായത് ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ വസ്തുക്കൾക്കും അതിന്റേതായ പ്രത്യേക ആകൃതിയും സ്വഭാവവും നിർവഹിക്കാനുള്ള ധർമ്മങ്ങളും സൃഷ്ടിപ്പിൽതന്നെ പ്രദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അവ നിലനിർത്തുന്നതിലും പാലിക്കുന്നതിലുമാണ് ഓരോ വസ്തുവിന്റെയും ആരോഗ്യകരമായ അസ്തിത്വവും സുഖസ്ഥിതിയും നിലകൊള്ളുകയും ചെയ്യുന്നത്. അതു നഷ്ടപ്പെടുമ്പോൾ എല്ലാം തകരാറിലാവുകയും അസ്തിത്വംവരെ വിനഷ്ടമാകുകയും ചെയ്യുന്നു.

الذي خلَق فَسوى * والذي قَدر فَهدى

‘‘സൃഷ്ടിക്കുകയും അന്യൂനമാക്കുകയും അനന്തരം എല്ലാം നിർണ്ണയിക്കുകയും മാർഗദർശനം നൽകുകയും ചെയ്തവൻ.’’ (87: 2,3)

قَالَ ربنا الذي أَعطَى كُلَ شيءٍ خلْقَه ثُم هدى

‘‘നമ്മുടെ രക്ഷിതാവ് എല്ലാ വസ്തുക്കൾക്കും അവയുടെതായ പ്രകൃതങ്ങളും സ്വഭാവങ്ങളും തുടർന്നു മാർഗനിർദേശങ്ങളും നൽകിയവനാകുന്നു.’’ (20:50)

وخلَق كُلَ شيءٍ فَقَدره تقْديرا

‘‘എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും തുടർന്നു ഓരോന്നിനും പ്രത്യേക സ്വഭാവങ്ങളും ജീവിതമാർഗങ്ങളും നിർണയിക്കുകയും ചെയ്തവൻ.’’ (25:2)

إنا كُلَ شيءٍ خلَقْناه بِقَدرٍ

‘‘തീർച്ചയായും നാം എല്ലാ വസ്തുക്കളെയും സുനിശ്ചിതമായ നിർണ്ണയങ്ങളോടെ സൃഷ്ടിച്ചിരിക്കുന്നു’’(54:49)

തുടങ്ങിയ ഖുർആൻ വചനങ്ങൾ ഈ യാഥാർത്ഥ്യം അനുസ്മരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യരടക്കമുള്ള സമസ്ത ജീവജാലങ്ങളുടെയും ഉൺമയും ജനനവും വളർച്ചയും അന്ത്യവും എല്ലാം വളരെ വ്യവസ്ഥാപിതവും ക്രമാനുഗതവുമായിട്ടാണ് നടക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഗർഭാശയങ്ങളിൽ ബീജകണങ്ങൾ സമ്മിശ്രമായി നിൽക്കുന്ന ഭ്രൂണാവസ്ഥ മുതൽ സുനിശ്ചിത കാലയളവുകളിൽ വിവിധ ഘട്ടങ്ങൾ കടന്നു അവസാനം പൂർണ്ണത പ്രാപിക്കുന്നു. തുടർന്നു; ജനനം, പ്രസവം, വിവിധ ഘട്ടങ്ങളായുള്ള വളർച്ച; ഓരോ ഘട്ടങ്ങൾക്കുമനുയോജ്യമായ ആഹാരനീഹാരാദികൾ, ഇരിക്കാനും എഴുന്നേൽക്കാനും നടക്കാനും ഓടാനുമൊക്കെയുണ്ടാകുന്ന കഴിവുകൾ, ആശയങ്ങൾ മനസ്സിലാക്കാനും അന്യർക്ക് മനസ്സിലാക്കിക്കൊടുക്കാനുമുള്ള പ്രാപ്തി... അങ്ങനെ എത്രയോ അവസ്ഥാവിശേഷങ്ങൾ മാറി മാറിവരുന്നു. ഇതെല്ലാം വളരെ ആസൂത്രിതവും സുചിന്തിതവുമായ നിയമവ്യവസ്ഥക്കധീനമാണെന്നും മനസ്സിലാക്കാവുന്നതാണ്. ഇക്കാര്യം അല്ലാഹു മനുഷ്യനെ ബോധ്യപ്പെടുത്തുകയും അതിൽ നിന്നുണ്ടാകുന്ന ബാധ്യതകളിലേക്ക് അവന്റെ ശ്രദ്ധ തിരിക്കുകയും ചെയ്യുന്നു.

ما لَكُم لَا ترجونَ لله وقَارا * وقَد خلَقَكُم أَطْوارا

“നിങ്ങൾക്കെന്തുപറ്റി, അല്ലാഹുവിന്റെ സ്ഥാനം നിങ്ങൾ അവന്നു വകവെച്ചുകൊടുക്കുന്നില്ല! നിങ്ങളെയവൻ വിവിധ ഘട്ടങ്ങളായിട്ടാണല്ലോ സൃഷ്ടിച്ചിരിക്കുന്നത്.” (17:13,14)

والله أَخرجكُم من بطُون أُمهاتكُم لَا تعلَمونَ شيئًا وجعلَ لَكُم السمع والْأَبصار والْأَفْئدةَ لَعلكُم تشكُرونَ

“നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് അല്ലാഹു നിങ്ങളെ പുറത്ത്കൊണ്ടുവന്നു. അപ്പോൾ, ഒന്നും അറിയാത്തവരായിരുന്നു നിങ്ങൾ. എന്നിട്ട്, അവൻ നിങ്ങൾക്ക് കേൾവിയും കാഴ്ച്ചയും ഹൃദയവും തന്നു. പക്ഷേ, വളരെ കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളു.” (16:78)

ഇതിൽനിന്നെല്ലാം ചില കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുന്നു. ഓരോ വസ്തുവിനും പ്രത്യേക രൂപഭാവങ്ങളും ക്രമധർമ്മങ്ങളുമുണ്ട്. അതുപോലെ വ്യത്യസ്ഥ ഘട്ടങ്ങളും ശ്രേണികളും കടന്നാണ് എല്ലാ വസ്തുക്കളും പൂർണ്ണത പ്രാപിക്കുന്നത്. ഓരോന്നിന്റെ വളർച്ചക്കും പുലർച്ചക്കും ആവശ്യമായ സംവിധാനങ്ങളും അല്ലാഹു ഏർപ്പെടുത്തിവെച്ചിരിക്കുന്നു. ജീവജാലങ്ങളാണെങ്കിൽ, അവയോരോന്നിനും പറ്റിയ തരത്തിലുള്ള ആഹാരപദാർത്ഥങ്ങൾ, കാലാവസ്ഥകൾ, ശരീരസംരക്ഷണത്തിനാവശ്യമായ പശ്ചാതലങ്ങൾ എല്ലാം മുൻകൂട്ടി തന്നെ സജ്ജമാക്കിയിരിക്കുന്നു. ലോകരക്ഷിതാവ് (رب العالمين) എന്ന അവന്റെ വിശേഷണം ഇതെല്ലാം ഉൾക്കൊള്ളുന്നു. അപാരമായ ഈ അനുഗ്രഹങ്ങൾക്ക് എല്ലാ ജീവജാലങ്ങളും അവന്നു നന്ദി കാണിക്കുകയും അവന്റെ സ്തോത്രങ്ങൾ കീർത്തനം ചെയ്യുകയും ചെയ്യുന്നുണ്ടെന്നും അവൻ പ്രസ്താവിക്കുന്നു.

وإِنْ من شيءٍ إِلَّا يسبح بِحمده ولَكن لَا تفْقَهونَ تسبِيحهم إِنه كَانَ حليما غَفُورا

“എല്ലാ വസ്തുക്കളും അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവയെ പ്രകീർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അവയുടെ സ്തോത്രം നിങ്ങൾ മനസ്സിലാക്കുന്നില്ല.” (17:44)

സൃഷ്ടികളിൽ വിശിഷ്ടപദവി ലഭിച്ചവരാണ് മനുഷ്യർ. അവരെ നാം ആദരിച്ചിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. വിജ്ഞാനവും വിവേകവും, ആകാശഭൂമികളും കടലും കാറ്റും അധീനപ്പെടുത്താനുള്ള കഴിവും മനുഷ്യന്നു നൽകപ്പെട്ടിരിക്കുന്നു.

ولَقَد كَرمنا بنِي آدم وحملْناهم في الْبر والْبحرِ ورزقْناهم من الطيبات وفَضلْناهم علَى كَثيرٍ ممن خلَقْنا تفْضيلًا

''ആദം സന്തതികളെ നാം ആദരിച്ചിട്ടുണ്ട്. കരയിലും കടലിലും നാം അവരെ വഹിച്ച്കൊണ്ട് പോകുകയും ചെയ്തിരിക്കുന്നു. നല്ല വസ്തുക്കളിൽനിന്നും നാം അവർക്കാഹാരം നൽകി. നാം സൃഷ്ടിച്ച പലതിനേക്കാൾ നാം അവരെ ശ്രേഷ്ഠപ്പെടുത്തുകയും ചെയ്തിരിക്കുന്നു.''(17:70)

മനുഷ്യനു ലഭിച്ച ഈ ശ്രേഷ്ഠതക്ക് പ്രധാന നിദാനം അവന്റെ വിശേഷബുദ്ധിയും വിവേചന കഴിവുമത്രെ. ബുദ്ധിയുപയോഗിച്ച് നല്ലതും ചീത്തയും വിവേചിച്ചറിയാനും നല്ലത് സ്വീകരിക്കാനും അവൻ പ്രാപ്തനാകുന്നു. സ്രഷ്ടാവിന്റെ അനുഗ്രഹങ്ങൾ ബോധ്യപ്പെടുവാനും, അവനോടു നന്ദി കാണിക്കുവാനും അതുവഴി അവൻ പ്രേരിതനായിത്തീരുന്നു.

إنا هديناه السبيلَ إما شاكرا وإما كفُورا

''നിശ്ചയമായും നാം അവന്നു മാർഗദർശനം നൽകി. ഒന്നുകിൽ അവൻ നന്ദിയുള്ളവനായി വർത്തിക്കുന്നു. അല്ലെങ്കിൽ നന്ദിയില്ലാത്തവനായി കഴിയുന്നു.'' (76:3)

ബോധപൂർവ്വം നന്ദിയുടെ മാർഗം സ്വീകരിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് പ്രതിഫലം എന്ന നിലക്ക് സ്വർഗവും, നന്ദിയില്ലാതെ ചീത്ത കാര്യങ്ങൾ ചെയ്തു തീർക്കുന്നവർക്ക് ശിക്ഷയെന്ന നിലക്ക് നരഗവും ലഭിക്കുന്നു. സന്തോഷവാർത്തയായും മുന്നറിയിപ്പായും ദൂതൻമാർ മുഖേന അല്ലാഹു മനുഷ്യരെ അറിയിച്ച്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണിത്.

وما نرسلُ الْمرسلين إلا مبشرين ومنذرين فَمن آمن وأَصلَح فَلَا خوف علَيهم ولَا هم يحزنونَ * والذين كَذبوا بِآياتنا يمسهم الْعذَاب بِما كَانوا يفْسقُونَ

''സന്തോഷവാർത്തയറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായിക്കൊണ്ടല്ലാതെ ദൂതൻമാരെ നാം നിയോഗിച്ചിട്ടില്ല. അപ്പോൾ സത്യവിശ്വാസം കൈകൊള്ളുകയും നൻമ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർ ഒന്നും ഭയപ്പെടാനില്ല. അവർക്ക് ദു:ഖിക്കേണ്ടിയും വരികയില്ല. നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുന്നവർ, അവർ ദുർനടപ്പുകാരായിത്തീരുക കാരണം അവരെ ശിക്ഷ ബാധിക്കുന്നതുമാണ്.'' (6:48,49)

കാലദേശങ്ങൾക്കനുസൃതമായി സൻമാർഗനിർദേശങ്ങളടങ്ങുന്ന ഗ്രന്ഥങ്ങളും പ്രവാചകൻമാർ മുഖേന നൽകിപ്പോന്നിരുന്നു. ഇക്കാര്യവും അല്ലാഹു ഉണർത്തിയിട്ടുണ്ട്. മനുഷ്യപിതാവായ ആദം (عليه السلام)യോട് സ്വർഗത്തിൽനിന്ന് ഭുമിയിലേക്ക് വരാൻ കൽപിച്ച സന്ദർഭത്തിൽ അല്ലാഹു ഇങ്ങനെ ഉണർത്തി.

قُلْنا اهبِطُوا منها جميعا فَإِما يأْتينكُم مني هدى فَمن تبِع هداي فَلَا خوف علَيهم ولَا هم يحزنونَ * والذين كَفَروا وكَذبوا بِآياتنا أُولَئك أَصحاب النارِ هم فيها خالدونَ

''നിങ്ങൾ എല്ലാവരും സ്വർഗത്തിൽനിന്ന് ഇറങ്ങിപ്പോകുക എന്നു നാം പറഞ്ഞു. എന്നിട്ട് നിങ്ങൾക്ക് എന്റെ പക്കൽ നിന്നു സൻമാർഗം വന്നുകിട്ടിയാൽ, ആർ എന്റെ സൻമാർഗം പിന്തുടർന്ന് ജീവിക്കുന്നുവോ അവർക്ക് ഭയപ്പെടേണ്ടി വരികയില്ല. അവർ ദു:ഖിക്കേണ്ടിയും വരില്ല. എന്നാൽ, ആരെങ്കിലും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുകയും അവിശ്വസിക്കുകയും ചെയ്യുകയാണെങ്കിൽ അവർ നരകവാസികളായിരിക്കും. എന്നും അവർക്കതിൽ കഴിയേണ്ടിവരികയും ചെയ്യും. (2: 38,39)

മനുഷ്യൻ ഒരു ജീവിയെന്ന നിലക്ക്, ഇതരജീവികൾക്കെന്നപോലെ അവന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും ആവശ്യമായ ആഹാരപാനീയങ്ങളും മറ്റു അവശ്യവസ്തുക്കളും അപ്പപ്പോൾ ലഭിക്കാനുതകുന്ന മാർഗങ്ങൾ പ്രകൃതിയിൽ തന്നെ സൃഷ്ടിച്ചുവെച്ചു അനുഗ്രഹിച്ച അല്ലാഹു ബുദ്ധിശക്തിയും വിവേചന കഴിവുമുള്ള ഉൽകൃഷ്ട ജീവിയെന്ന നിലക്ക്, മനുഷ്യവർഗത്തിന്റെ ആരംഭം മുതൽ അവന്റെ വളർച്ചക്കും സുഗമമായ ജീവിതത്തിനുമാവശ്യമായ നിയമനിർദ്ദേശങ്ങളും സൻമാർഗ സദുപദേശങ്ങളും നൽകി അവനെ അനുഗ്രഹിച്ചിട്ടുണ്ട്. അതിനാണ് ഇസ്‌ലാം എന്ന്

പറയുന്നത്. ഇസ്‌ലാം ഒരു പ്രകൃതി മതമാണ്. മനുഷ്യവർഗത്തിന്റെ ബുദ്ധിപരവും സാമൂഹ്യപരവുമായ വളർച്ചക്കനുസരിച്ച ഭേദഗതികളോടെ ആദം(ﷺ), നൂഹ്(ﷺ), ഇബ്രാഹിം(ﷺ), മൂസ(ﷺ), ഈസാ(ﷺ) തുടങ്ങിയ പ്രവാചകരിലൂടെ അല്ലാഹു അതു മനുഷ്യവർഗത്തിനു മുമ്പിൽ സമർപ്പിച്ചുപോന്നു. ഓരോ പ്രവാചകനും ലഭിച്ചിരിക്കുന്ന ദിവ്യസന്ദേശങ്ങൾ, ആ പ്രവാചകന്റെ കാലഘട്ടത്തിനും ജനതക്കും മാത്രം പ്രായോഗികവും അനുയോജ്യവുമായിരുന്നു. അതുകൊണ്ടാണ് മുൻപ്രവാചകൻമാരുടെ മതനിയമങ്ങൾ, ശേഷം വരുന്ന പ്രവാചകരിലൂടെ ദുർബ്ബലപ്പെടുത്തപ്പെട്ടിരുന്നത്. ആദ്യകാലങ്ങളിലെ മതവിധികൾ തന്നെ ശാശ്വത നിയമസംഹിതയായി നിർത്തിയിരുന്നെങ്കിൽ, അതു മനുഷ്യപുരോഗതിയെ ഹാനികരമായി ബാധിക്കുകയും അപ്രയോഗികമായിത്തീരുകയും ചെയ്യുമായിരുന്നു. അതുകൊണ്ടാണ് മുൻകാല മതനിയമങ്ങളും ദൈവഗ്രന്ഥങ്ങളും മനുഷ്യരുടെ കൈകടത്തലുകളിൽ നിന്നും മറ്റും കാത്തുരക്ഷിച്ചു അന്ത്യനാൾ വരെ ശാശ്വതീകരിക്കാതിരുന്നതും. ഒരു ശിശുവിന്റെ ആഹാരക്രമം ഒരു പൂർണ്ണമനുഷ്യനു അപര്യാപ്തമാകുന്നതുപോലെ തന്നെയാണ്, നൂഹ് നബി(ﷺ)ന്റെ ജനതക്ക് നൽകിയ സൻമാർഗ നിർദേശങ്ങൾ ബുദ്ധിവളർച്ച പൂർണമായ മുഹമ്മദ് നബി(ﷺ)യുടെ ജനതക്ക് അപര്യാപ്തമാകുന്നതും.

ثُم أَرسلْنا رسلَنا تترى

''പിന്നെ നാം നമ്മുടെ ദൂതൻമാരെ തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു'' (23:44).

കാലഘട്ടങ്ങൾക്കനുയോജ്യമായ നിയമനിർദേശങ്ങളുമായി നിയോഗിക്കപ്പെട്ട പ്രവാചക പരമ്പര ഈ ആവശ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നു കാണാം.

മനുഷ്യവംശം, അതിന്റെ ശൈശവദശകൾ പിന്നിട്ടു, പൂർണവളർച്ചയിലെത്തിയപ്പോൾ, അതിനനുയോജ്യമായ ശാശ്വത മാർഗനിർദേശങ്ങളുമായി അന്ത്യപ്രവാചകൻ മുഹമ്മദുനബി(ﷺ)യെ സർവലോകത്തിനും സർവകാലത്തിനും മാർഗദർശിയായി അല്ലാഹു നിയോഗിച്ചു. ആ മാർഗനിർദേശങ്ങൾ ശാശ്വതമായി അല്ലാഹു അംഗീകരിക്കുകയും തൃപ്തിപ്പെടുകയും ചെയ്തു.

الْيوم أَكْملْت لَكُم دينكُم وأَتممت علَيكُم نِعمتي ورضيت لَكُم الْإِسلَام دينا

''ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങളുടെ മേൽ പൂർത്തിയാക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.'' (5:3)

അങ്ങനെ ഈ പൂർണ്ണത പ്രാപിച്ച ഇസ്‌ലാം മതത്തിൽ ഇനി ഒന്നും കൂട്ടിച്ചേർക്കേണ്ടതില്ല. ഒന്നും എടുത്തുമാറ്റി വെക്കേണ്ടതുമില്ല. ഈ ഏറ്റക്കുറച്ചിൽ ഇസ്‌ലാമിന്റെ രൂപലാവണ്യത്തെ ഹനിക്കുകയും സൗന്ദര്യം വികൃതമാക്കുകയും ചെയ്യുന്നു. പ്രായോഗിക മതമെന്നു വിശേഷിപ്പിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. അതുകൊണ്ടു നബി(ﷺ) പറഞ്ഞു:

من أَحدثَ فى أَمرِنا هذَا ما لَيس فيه فَهو رد (متفق عليه)

''നമ്മുടെ ഈ മതകാര്യങ്ങളിൽ ആരെങ്കിലും വല്ലതും പുതുതായി നിർമിച്ചുണ്ടാക്കുകയാണെങ്കിൽ അതു തള്ളപ്പെടേണ്ടതാകുന്നു.''

ഇങ്ങനെ ഇസ്‌ലാം മതം ഒരു പരിപൂർണ്ണ നിയമസംഹിതയായി അവതരിച്ചതോടെ, മറ്റൊരു മതത്തിന്റെയോ പ്രവാചകന്റെയോ ആവശ്യമില്ലാതെയായിത്തീർന്നു. പരിശുദ്ധ ഖുർആൻ അന്തിമ വേദഗ്രന്ഥവും മുഹമ്മദ്നബി(ﷺ) അന്ത്യപ്രവാചകനുമായി ശാശ്വതവൽകരിക്കപ്പെട്ടു. ഖുർആനിന്റെ സംരക്ഷണം ഏറ്റെടുത്തുകൊണ്ടു അല്ലാഹു പ്രഖ്യാപിച്ചു:

إنا نحن نزلنا الذكر وإنا له لحافظون

''നിശ്ചയമായും ഈ ഉൽബോധനം (ക്വുർആൻ) അവതരിപ്പിച്ചത് നാമാണ്. നാം തന്നെ അതു സംരക്ഷിക്കുകയും ചെയ്യുന്നതാകുന്നു.'' (15:9)

ഈ വാഗ്ദത്തപ്രകാരം ഒരു വള്ളിക്കും പുള്ളിക്കും വ്യത്യാസമില്ലാതെ, അവതരിച്ച അതേ രൂപത്തിലും ക്രമത്തിലും തന്നെ വിശുദ്ധ ക്വുർആൻ സംരക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

പരിശുദ്ധ ക്വുർആനിൽനിന്നു ലഭിച്ച ഈ ദൈവിക സംരക്ഷണം മറ്റൊരു മതഗ്രന്ഥത്തിനും സിദ്ധിക്കുകയുണ്ടായില്ല. തൗറാത്ത്, ഇഞ്ചീൽ തുടങ്ങിയ ഗ്രന്ഥങ്ങൾ അല്ലാഹു അവതരിപ്പിച്ച മതഗ്രന്ഥങ്ങൾ തന്നെയാണെങ്കിലും, അവയുടെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തുകൊണ്ടുള്ള ഒരു പ്രസ്താവനയും അവയിൽ കാണപ്പെടുകയില്ല. അങ്ങനെയൊരവകാശവാദം, അവയുടെ അനുയായികൾപോലും ഉന്നയിക്കുന്നുമില്ല. അപ്പോൾ, അവ ശാശ്വത മാർഗദർശനങ്ങളോ എല്ലാ കാലങ്ങളിലും എല്ലാ ജനവിഭാഗങ്ങൾക്കും അവലംബിക്കാവുന്ന പ്രായോഗിക നിയമ സംഹിതകളോ അല്ല എന്നു വ്യക്തമാകുന്നു. അതുപോലെ, മുൻപ്രവാചകൻമാരും, അന്ത്യപ്രവാചകനായ മുഹമ്മദ് നബി(ﷺ)യെ പോലെ സാർവ്വകാലികവും സാർവ്വജനീനവുമായ ജീവിത മാതൃക ലോകത്തിനു മുമ്പിൽ സമർപ്പിച്ചിരുന്നുമില്ല. പ്രത്യേക കാലഘട്ടങ്ങളെയും പ്രത്യേക ജനവിഭാഗങ്ങളെയും ഉൾക്കൊണ്ടു കൊണ്ടുള്ളതായിരുന്നു അവരുടെയെല്ലാം നേതൃത്വവും നായകത്വവും.

ശാശ്വത മാർഗ്ഗദർശനമായ പരിശുദ്ധ ക്വുർആൻ വ്യാഖ്യാനിക്കുകയും, അതിലടങ്ങിയ തത്വങ്ങളും നിയമങ്ങളും മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടത് നബി(ﷺ)യുടെ ചുമതലയായിരുന്നു. വളരെ വ്യക്തമായി തന്നെ അക്കാര്യം അല്ലാഹു പ്രസ്താവിക്കുന്നു.

وأنزلنا إليك الذكر لتبين للناس ما نزل إليهم ولعلهم يتفكرون

''ഈ ഉൽബോധനം (ക്വുർആൻ) നാം നിനക്ക് അവതരിപ്പിച്ചത്, ജനങ്ങൾക്ക് അവരുടെമേൽ അവതരിക്കപ്പെട്ട കാര്യങ്ങൾ നീ വിവരിച്ചു കൊടുക്കാൻ വേണ്ടിയും അവർ ചിന്തിച്ചു ഗ്രഹിക്കാൻ വേണ്ടിയുമാകുന്നു.'' (16:44)

അങ്ങനെ, പരിശുദ്ധ ക്വുർആനിലൂടെ അവതീർണ്ണമായ ഇസ്‌ലാമിന്റെ നിയമങ്ങളും നിരോധനങ്ങളുമടങ്ങുന്ന നിർദ്ദേശങ്ങൾ നബി(ﷺ)യുടെ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അംഗീകാരങ്ങളിലൂടെയും എക്കാലത്തെയും ജനങ്ങൾക്ക് മുമ്പിൽ വ്യക്തമാക്കപ്പെട്ടു. തന്നിമിത്തം പരിപൂർണ്ണവും പ്രായോഗികവും ദൈവികവുമായ നിയമസംഹിതയായി ത്തീർന്നിരിക്കുകയാണ് ഇസ്‌ലാം. അതിൽ മനുഷ്യന്റെ വക വല്ല ഏറ്റക്കുറവുകളും നടത്തുകയോ തിരിമറികൾക്ക് വിധേയമാക്കപ്പെടുകയോ ആണെങ്കിൽ, അതിന്റെ പ്രകൃതിസ്വഭാവം നഷ്ടപ്പെടുകയും പ്രത്യാഘാതങ്ങൾ പ്രകടമാവുകയും ചെയ്യുന്നു. സുന്ദരമായ മനുഷ്യശരീരത്തിലെ അവയവങ്ങൾക്ക് സ്ഥാനഭ്രംശം വന്നാലുണ്ടാകുന്നതുപോലെ, പ്രപഞ്ചത്തിന്റെ വ്യവസ്ഥാപിതമായ പ്രവർത്തനങ്ങളി ലുണ്ടാകുന്ന മാറ്റങ്ങൾക്ക് പ്രത്യാഘാതങ്ങളുണ്ടാകുന്നതുപോലെ പ്രകൃതിമതമായ ഇസ്‌ലാമിൽ വരുത്തുന്ന മാറ്റങ്ങൾക്കും അതിന്റേതായ പ്രതികരണങ്ങളും ദുഷ്ഫലങ്ങളുമുണ്ടായിത്തീരുമെന്നത് തീർച്ചയാണ്. അപകടകരമായ ഈ അവസ്ഥാവിശേഷം പരിഗണിച്ചുകൂടിയാണ് മതനിയമങ്ങൾ നിർമിക്കുകയെന്നത് മഹാപാപമായി അല്ലാഹു നിശ്ചയിക്കുകയും 'ശിർക്കാ'യി (ബഹുദൈവവിശ്വാസമായി) പരിഗണിക്കുകയും മതത്തിൽ നിയമങ്ങൾ നിർമ്മിക്കുന്നവർ ദൈവങ്ങളായി കണക്കാക്കുകയുമൊക്കെ ചെയ്തിരിക്കുന്നതും. അല്ലാഹു പറയുന്നു:

أم لهم شركاء شرعوا لهم من الدين ما لم يأذن به الله

''അതല്ല, അല്ലാഹു അനുവദിക്കാത്ത മതനിയമങ്ങൾ അവർക്കുവേണ്ടി നിർമിക്കുന്ന പങ്കുകാർ അവർക്കുണ്ടോ?'' (42:21)

ഇവിടെ മതനിയമങ്ങൾ സ്വന്തമായി നിർമ്മിക്കുന്നവർക്ക് അല്ലാഹു നൽകിയ പേര് ‘പങ്കുകാർ’ എന്നാകുന്നു. മതത്തിൽ വല്ല നിയമവും പുതുതായി നിർമ്മിക്കുന്നത് മഹാപാപമായി നിശ്ചയിക്കപ്പെട്ടിരിക്കുകയുമാണ്. അങ്ങനെ നിർമ്മിച്ചുണ്ടാക്കുന്നത് കർമ്മങ്ങൾ ‘ബിദ്അത്തു’കളായി കണക്കാക്കപ്പെടുകയും ചെയ്യുന്നു. മതനിയമങ്ങൾ വിരൂപങ്ങളും അപ്രായോഗികങ്ങളും ആക്കിത്തീർക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് ബിദ്അത്തുകളാണ്. ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങളായ ക്വുർആനിന്റെയും സുന്നത്തന്റെയും പിൻബലമില്ലാതെ, ആരെങ്കിലും നിർമ്മിച്ചുണ്ടാക്കിയ ബിദ്അത്തുകളെ അന്ധമായി വാരിപ്പുണരുക എന്ന അനുകരണത്തെ (തക്‌ലീദ്) കഠിനമായി വിരോധിക്കുകയാണ് മേലുദ്ധരിച്ച ക്വുർആൻ വചനം. എന്നാൽ, ഇസ്‌ലാമിൽ പല പുതിയ നിയമങ്ങളും നിർമ്മിച്ചുണ്ടാക്കുകയും അവ അന്ധമായി അനുകരിക്കുകയും അങ്ങിനെ ഇസ്ലാം വികൃതവും അപ്രായോഗികവുമായിത്തീരുകയും ചെയ്യുന്ന നാനാതരം അപകടങ്ങളാണ് സൂഫിസത്തിൽ സ്ഥിതി ചെയ്യുന്നതെന്നു കാണാം.

ഇസ്‌ലാമിലില്ലാത്ത ധാരാളം ബിദ്അത്തുകൾ സൂഫീ നേതാക്കൾ (ശൈഖൻമാർ) നിർമ്മിച്ചുണ്ടാക്കിയിരിക്കുന്നു. വിവിധ ത്വരീഖത്തുകളും ആരാധനാസമ്പ്രദായങ്ങളും അവർ അവതരിപ്പിക്കുകയും ചെയ്യുന്നു. ഓരോ ത്വരീക്വത്തിന്റെയും ശൈഖുമാർ ഉണ്ടാക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുയായികൾ അന്ധമായി അനുകരിക്കുകയും ചെയ്യുന്നു. സൂഫിസത്തിൽ വേദവാക്യമായി അംഗീകരിക്കുന്ന തത്വമാണ്:

كن بين شيخك كالميت بين يدى الغاسل

‘കുളിപ്പിക്കുന്നവന്റെ മുമ്പിലുള്ള മൃതശരീരം പോലെയായിരിക്കണം ശൈഖിന്റെ മുമ്പിൽ ഓരോ അനുയായിയും (മുരീദും)’.

മതത്തിൽ കഠിനമായി വിരോധിക്കപ്പെട്ട കാര്യം തന്നെയാണെങ്കിലും ശൈഖ് കൽപിച്ചാൽ മുരീദ് അത് നിരസിക്കാൻ പാടില്ല. മുരീദുമാരുടെ മര്യാദകളും ചിട്ടകളും വിവരിക്കുന്ന القصيدة فى آداب المريد എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു:

فذو العقل لا يرضى سواه وان نأى

عن الحق نأى الليل عن واضح الفجر

‘ഒരു ബുദ്ധിമാനായ മുരീദ് തന്റെ ശൈഖിനെയല്ലാതെ മറ്റാരെയും തൃപ്തിപ്പെടുത്തുകയില്ല. പ്രകടമായ പ്രഭാതത്തിൽ നിന്ന് രാത്രി അകന്നു നിൽക്കുന്നതുപോലെ സത്യത്തിൽനിന്ന് ശൈഖ് അകന്നു നിൽക്കുകയാണെങ്കിൽ പോലും’.

ഈ നിലക്ക് ശൈഖിനെ തൃപ്തിപ്പെടുത്താൻ ബാധ്യസ്ഥനാകുന്ന മുരീദ്, അല്ലാഹുവിന്റെ തൃപ്തിയല്ല കാംക്ഷിക്കുന്നത്. സൂഫിസത്തിൽ ശൈഖ് അല്ലാഹുവിന്റെ സ്ഥാനത്ത് അവരോധിക്കപ്പെടുന്നു. ശൈഖ് നിർമ്മിക്കുന്ന നിയമങ്ങൾ ഇസ്‌ലാമിന്റെ നിയമങ്ങൾക്ക് പകരം പ്രതിഷ്ഠിക്കപ്പെടുന്നു. അങ്ങനെ പുതിയ ദൈവവും പുതിയ നിയമങ്ങളും പുതിയ ആരാധനാക്രമങ്ങളുമെല്ലാമടങ്ങുന്ന ഒരു പുതിയ മതമായിത്തീരുന്നു സൂഫിസം. ഇതെത്രമാത്രം അപകടകരമാണെന്ന് ഊഹിക്കാവുന്നതാണ്.

പരിശുദ്ധ ക്വുർആനും തിരുസുന്നത്തും മനസ്സിലാക്കുന്നതിന് സൂഫിസത്തിലെ ഏകമാർഗ്ഗം ശൈഖുമാരുടെ വ്യാഖ്യാനങ്ങൾ മാത്രമാണ്. മാത്രമല്ല; ക്വുർആൻ വ്യാഖ്യാനിക്കുന്നതിൽ ഹദീഥുകളെക്കാൾ പ്രമാണമായി കണക്കാക്കുന്നതും ശൈഖുമാരുടെ വ്യഖ്യാനങ്ങളത്രെ. ആ വ്യാഖ്യാനങ്ങൾ അല്ലാഹു നേരിട്ടു അറിയിക്കുകയാണെന്നും സ്വപ്നദർശനങ്ങളിലൂടെ ബോധനം ചെയ്യപ്പെടുകയാണെന്നും പ്രവാചകൻ തന്നെ നേരിട്ടുവന്നു പറഞ്ഞുകൊടുക്കുകയാണെന്നും മറ്റും ശൈഖുമാർ അവകാശപ്പെടുകയും അനുയായികൾ അതപ്പടി അംഗീകരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, സൂഫിസത്തിൽ, അല്ലാഹുവിന്നും പ്രവാചകന്നും കാര്യമായ പങ്കൊന്നുമില്ല. ശൈഖുമാരും അവരുടെ തോന്നലുകളുമാണ് പരമപ്രധാനം. അങ്ങനെ വികൃതവും വിരൂപവുമായ ഒരു ഇസ്ലാമാണ് സൂഫിസത്തിൽ നമുക്ക് ദർശിക്കുവാൻ കഴിയുന്നത്.